# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1765 18.06.2012-ൽ മറുപടിയ്ക്ക്

**ഇന്റർനെറ്റും ആന്റി പൈറസി നിയമവും**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഇന്റർനെറ്റിൽ ലഭ്യമായ സിനിമ, മറ്റ് വിനോദ പരിപാടികൾ എന്നിവ ഡൗൺലോഡ് ചെയ്യുന്നത് ആന്റി പൈറസി നിയമത്തിന്റെ പരിധിയിൽവരുന്ന കുറ്റമായി കണക്കാക്കി നിയമ നടപടി സ്വീകരിക്കാറുണ്ടോ; | (എ) ഇന്റർനെറ്റിൽ ലഭ്യമായ പകർപ്പവകാശമുള്ള സിനിമ, മറ്റ് വിനോദപരിപാടികൾ ഡൗൺലോഡ് ചെയ്ത് പ്രദർശിപ്പിക്കുകയോ വാണിജ്യ ആവശ്യങ്ങൾക്കായോ ഉപയോഗിക്കുന്നത് കോപ്പി റൈറ്റ് ആക്ട് പ്രകാരം കുറ്റകരമാണ്. ഇത്തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുവാനും നിയന്ത്രിക്കുവാനും സംസ്ഥാനത്ത് ആന്റി പൈറസി സെൽ ഒരു എസ്.പി-യുടെ കീഴിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ പ്രവർത്തിച്ചു വരികയാണ്. |
| (ബി) ഇന്റർനെറ്റിൽ ഇവ അപ്‌ലോഡ് ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത്; | (ബി) പകർപ്പവകാശമുള്ള സിനിമ മറ്റ് വിനോദ പരിപാടികൾ എന്നിവ ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യുന്നവർക്കെതിരെ പകർപ്പവകാശ നിയമം അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കുറ്റകൃത്യത്തിന് ഉപയോഗിച്ച കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും സീഷർ മഹസർ പ്രകാരം ബന്തവസ്സിൽ എടുത്ത് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത വെബ്സൈറ്റ് ബ്ലോക്ക് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇന്റർനെറ്റ് സൈറ്റുകളിൽ ഡൗൺലോഡ് സൗകര്യത്തോടെ ലഭ്യമാകുന്ന വിനോദ പരിപാടികൾ ഡൗൺലോഡ് ചെയ്യുന്ന കുട്ടികളെ കേസിൽ കുടുക്കുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഇത്തരത്തിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളിൽ കുട്ടികൾ ഉൾപ്പെട്ടിരുന്നാലും നിയമപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരം സംഭവങ്ങളിൽ കുട്ടികൾ പ്രതികളായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികളുടെ ഇടയിൽ ഇത്തരം പ്രവണതകൾക്കെതിരെ സ്റ്റുഡന്റ്സ് പോലീസ് സംവിധാനം, ജനമൈത്രി സുരക്ഷാ പദ്ധതി തുടങ്ങിയവ മുഖേന കുട്ടികൾക്കിടയിലും രക്ഷകർത്താക്കൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിനായി ശ്രമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.